സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

തീയതി: 20.09.2023

നമ്പർ. C3/38204/23/ഡി.ടി.ഇ

**സർക്കുലർ**

വിഷയം:- വിദ്യാഭ്യാസം - സാങ്കേതികം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, - അക്കാഡമിക് (എ) സെക്ഷൻ - ഗവൺമെൻറ് ഫാഷൻ ഡിസൈനിംഗ് സെൻററുകളിൽ / സ്വകാര്യ ഫാഷൻ ഡിസൈനിംഗ് സെൻററുകളിൽ ഇംഗ്ലിഷ് അദ്ധ്യാപകരുടെ നിയമനം സംബന്ധിച്ച്.

സൂചന :- 1. ഈ കാര്യാലയത്തിലെ ഇൻസ്പക്ടർ ഓഫ് ഇൻഡസ്ട്രിയൽ സ്കൂൾസ് ൻറെ 15.09.2023 ലെ കുറിപ്പ്
2. വിവിധ സ്ഥാപനങ്ങളിൽ നിന്നുള്ള അപേക്ഷകൾ
3. സർക്കാർ ഉത്തരവ് സ ഉ (സാധാ) നം.2271/2017/ഉ.വി.വ,തീയതി 6.12.2017
4.. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചർ ട്രയിനിംഗ് & റിസർച്ച് പുറപ്പെടുവിച്ച 10.012018 ലെ P3/1343/2017 നമ്പർ സർക്കുലർ
5. .ഈ കാര്യാലത്തിൽ നിന്നുള്ള 02.2019 ലെ C3/30219/2019/ഡിടിഇ നംബർ നടപടിക്രമം

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻറെ നിയന്ത്രണത്തിലുള്ള ഗവൺമെൻറ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗ് സ്ഥാപനങ്ങൾ/സ്വകാര്യ ഫാഷൻ ഡിസൈനിംഗ് സെൻററുകൾ എന്നിവിടങ്ങളിൽ നടത്തപ്പെടുന്ന ഫാഷൻ ഡിസൈനിംഗ് & ഗാർമെൻറ് ടെക്നോളജി കോഴ്സിൻറെ **English and Work place skill** എന്ന വിഷയം പഠിപ്പിക്കുവാൻ അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള അനുവാദം സൂചന 1 പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു. GIFD കളിൽ ഇംഗ്ലിഷ് അദ്ധ്യാപക നിയമനം നടത്തുന്നത് സംബന്ധിച്ച് പല സ്ഥപനങ്ങൾക്കും സംശയം നിലനിൽക്കുന്നതിനാലും അദ്ധ്യാപക നിയമനത്തിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും ഓരോ വർഷവും വകുപ്പിൻറെ അനുമതിവാങ്ങേണ്ടതായി കാണുന്നില്ല. .2017 ലെ FDGT സിലബസ് പ്രകാരം ഇംഗ്ലീഷ് ആൻഡ് വർക്ക് പ്ലേസ് സ്കിൽ വിഷയം കൈകാര്യം ചെയ്യുന്നതിനായി സ്ഥിരം അദ്ധ്യാപകരില്ലാത്ത സാഹചര്യത്തിൽ ഒരു ഗസ്റ്റ് അദ്ധ്യാപകനെ നിയമിക്കുവാൻ സൂചന 3 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത അദ്ധ്യാപകരുടെ യോഗ്യത സംബന്ധിച്ച് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചർ ട്രയിനിംഗ് & റിസർച്ച് സെൻറർ സൂചന 4 പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട് ഇപ്രകാരം നിയമിച്ചിട്ടുള്ള അദ്ധ്യാപകർക്കുള്ള വേതനം **"2203-00-001-93"** **പ്ലാൻ** എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.എന്നുള്ള വിവരം സൂചന 5 പ്രകാരമുള്ള നടപടിക്രമത്തിൽ പരാമർശിച്ചിരിക്കുന്നു.

. സ്വകാര്യ ഫാഷൻ ഡിസൈനിംഗ് സെൻററുകളിൽ സൂചന 4 പ്രകാരം യോഗ്യതയുള്ള അദ്ധ്യാപകരെ നിർബന്ധമായും നിയമിക്കേണ്ടതും ടി അദ്ധ്യാപകരുടെ വേതനം മാനേജ്മെൻറ് തന്നെ വഹിക്കേണ്ടതുമാണ്. ഇപ്രകാരം സ്ഥാപനങ്ങൾ നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്നു വകുപ്പ് പരിശോധന നടത്തി ഉറപ്പ് വരുത്തുന്നതുമായിരിക്കും.

ഡോ. രാമചന്ദ്രൻ എം
സീനിയർ ജോയിൻറ് ഡയറക്ടർ

Approval Valid

Digitally Approved By
ഡോ. രാമചന്ദ്രൻ എം
Date: 20.09.2023
Reason: Approved

Draft #1 of File C3/38204/23/DTE Approved by Senior Joint Director (PS) on 20-Sep-2023 06:43 PM - Page 1

Draft #1 of File C3/38204/23/DTE Approved by Senior Joint Director (PS) on 20-Sep-2023 06:43 PM - Page 2

The document is digitally approved. Hence signature is not needed.